**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 412** **14-11-2019 ൽ മറുപടിക്ക്**

**വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഗീതാ ഗോപി<br>ശ്രീ. ഇ.എസ്. ബിജിമോൾ<br>ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീ. മുഹമ്മദ് മുഹസിൻ പി. | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമാണവും വകുപ്പ് മന്ത്രി) |
| (എ) പൊതു ആവശ്യത്തിനായി വിവിധ പദ്ധതികൾക്ക് വേഗത്തിൽ ഭൂമി ലഭ്യമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) കേരള സംസ്ഥാന ഗതാഗത പദ്ധതിയുടെ റോഡ് വികസനത്തിന് അനാവശ്യ കാലതാമസം ഒഴിവാക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളുടെ കൈവശമുള്ള സ്ഥലം ഏറ്റെടുത്ത് KSTP യ്ക്ക് കൈമാറുന്നതിന് റവന്യൂ (എ) വകുപ്പിലെ 03.04.2017 ലെ സ.ഉ (കൈ) നം. 105/17/റവ നമ്പർ ഉത്തരവ് പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുള്ളതാണ്. നാഷണൽ ഹൈവേയുടെ വികസനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളുടെ കൈവശമുള്ള സർക്കാർ ഭൂമി (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമി ഒഴിവാക്കി) ടി ഭൂമിയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ, മതിലുകൾ മുതലായവയ്ക്ക് സംഭവിച്ചേക്കാവുന്ന ഏത് വിധ കേടുപാടുകളും ജില്ലാ കളക്ടർക്ക് തൃപ്തമായ രീതിയിൽ നാഷണൽ ഹൈവേ അതോറിറ്റി പുന:സ്ഥാപിക്കുകയോ പുനർ നിർമ്മിച്ച് നൽകുകയോ, നഷ്ടപരിഹാരം നൽകുകയോ ചെയ്യണമെന്ന വ്യവസ്ഥയോടെ, നാഷണൽ ഹൈവേ അതോറിറ്റിയ്ക്ക് കൈമാറി നൽകുന്നതിന് റവന്യൂ (എൽ) വകുപ്പിലെ 26.08.2017 ലെ സ.ഉ (കൈ) നം. 302/17/റവ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. ദേശീയപാത നിർമ്മാണത്തിനായി ആവശ്യമായി വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡ്തോട് പുറമ്പോക്ക് ഏറ്റെടുത്ത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറി നൽകുന്നതിന് തദ്ദേശ സ്വയംഭരണ (ആർസി) വകുപ്പിന്റെ 24/11/2018 ലെ 175/2018/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. ഭൂമി കൈമാറ്റത്തിനുള്ള കാലതാമസം, വർദ്ധിച്ചു വരുന്ന വികസനാവശ്യങ്ങൾ എന്നിവ പരിഗണിച്ച് നഗര പ്രദേശങ്ങളിൽ 10 സെന്റ് വരെയും മുനിസിപ്പാലിറ്റിയിൽ 25 സെന്റ് വരെയും |

പഞ്ചായത്തിൽ 50 സെന്റ് വരെയുമുള്ള ഭൂമി സേവന വകുപ്പുകൾക്ക് കൈമാറുന്നതിന് റവന്യൂ (എ) വകുപ്പിൽ നിന്നുള്ള 05.06.2018 ലെ ജി.ഒ (പി) നം. 31/18/റവ നമ്പർ ഉത്തരവ് പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. നിരന്തരം കടലാക്രമണത്തിനും കടൽക്ഷോഭത്തിനും വിധേയമാകുന്ന കടൽ തീരത്ത് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന 18,865 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത സ്ഥാനങ്ങളിൽ പുനരധിവസിപ്പിക്കുന്ന റീ-ബിൽഡ് കേരള (RKI) പദ്ധതിയുടെ ഭാഗമായി ഓരോ ജില്ലയിലും മേൽ ആവശ്യത്തിനായി കണ്ടെത്തിയിട്ടുള്ള ഭൂമി ഫിഷറീസ് വകുപ്പിന് കൈമാറുന്നതിനുള്ള നിർദ്ദേശങ്ങൾ പരിശോധിച്ച് സമർപ്പിക്കുന്നതിന് അതാതു ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം താലൂക്കിൽ മുട്ടത്തറ വില്ലേജിൽ സർവ്വേ നം. 2615/ബി യിൽ ഉൾപ്പെട്ടു വരുന്ന 31.826 സെന്റ് പുറമ്പോക്ക് ഭൂമി (GO(MS)34/2019/Rev. dated 25.01.2019), തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ ആറ്റിപ്ര വില്ലേജിലെ സെന്റ് മഗ്ദലീന ചർച്ചിന് സമീപത്തായി ബ്ലോക്ക് നമ്പർ 17 -ൽ സർവേ നമ്പർ 23/1-ൽ ഉൾപ്പെട്ട 67 ആർ 18 ച. മീറ്റർ പുറമ്പോക്ക് ഭൂമി (GO (MS)197/2019/Rev. dated 25.06.2019) എന്നിവ ഫിഷറീസ് വകുപ്പിന് കൈമാറിക്കഴിഞ്ഞു.

(ബി) സർക്കാരിന്റെ വിവിധ വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിന് നിലവിൽ അവലംബിച്ചുവരുന്ന നടപടിക്രമങ്ങൾ അറിയിക്കുമോ;

(ബി) ഭൂമി ആവശ്യമുള്ള വകുപ്പ് മേധാവി, നിശ്ചിത മാതൃകയിലെ അർത്ഥനാ പത്രത്തോടൊപ്പം ഗവൺമെന്റിൽ നിന്നുള്ള ഭരണാനുമതി, പ്രൊജക്ട് റിപ്പോർട്ട് ടി പദ്ധതിയ്ക്കായി അനുവദിച്ച ഫണ്ടിന്റെ വിവരം എന്നിവ ബന്ധപ്പെട്ട ജില്ലാ കളക്ടർ മുമ്പാകെ സമർപ്പിക്കേണ്ടതും, ആയത് പരിശോധിച്ച് കൈമാറുന്നതിന് ആവശ്യപ്പെട്ടിരിക്കുന്ന ഭൂമി മറ്റേതെങ്കിലും വകുപ്പുകളുടെ കൈവശത്തിലുള്ളതാണ് എങ്കിൽ ടി വകുപ്പുകളുടെ എൻ ഒ സി സഹിതമുള്ള പ്രസ്തുത റിക്വിസിഷനിലെ ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ (മഹസർ, സ്കെച്ച്, വിലനിർണ്ണയ സ്റ്റേറ്റ്മെന്റ്) തഹസീൽദാരിൽ നിന്നും റവന്യൂ ഡിവിഷണൽ ഓഫീസർ മുഖാന്തിരം ശേഖരിച്ച്, ജി.ഒ (പി) 31/18 തീയതി 05/06/2018 പ്രകാരം ജില്ലാ കളക്ടർമാർക്ക് തുടർ നടപടി സ്വീകരിക്കുവാൻ കഴിയുന്നതാണെങ്കിൽ അപ്രകാരവും അല്ലാത്ത പക്ഷം ജില്ലാ കളക്ടർമാർ ഭൂമി കൈമാറ്റ ശുപാർശ ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന സർക്കാരിന് സമർപ്പിക്കുന്നതും സർക്കാർ അനുമതിയ്ക്ക് വിധേയമായി വകുപ്പുകൾക്ക് ഭൂമി കൈമാറുന്നതിനുള്ള ഉത്തരവ് അനുവദിക്കുന്നതുമാണ് നിലവിലെ സംവിധാനം.

| | |
|---|---|
| (സി) പദ്ധതികൾക്കായി വിവിധ വകുപ്പുകളുടെ കൈവശമുള്ള ഭൂമി കൈമാറ്റത്തിനായുള്ള നടപടികൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) വിവിധ വകുപ്പുകളുടെ കൈവശമുള്ള ഭൂമി കൈമാറ്റത്തിനായുള്ള നടപടികൾ 05.06.2018 ലെ ജി.ഒ (പി)31/18/RD പ്രകാരം ലഘൂകരിച്ചിട്ടുള്ളതാണ്. |
| (ഡി) സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റം ചെയ്യുന്നതിന് ജില്ലാ കളക്ടർമാർക്ക് നല്കിയിട്ടുള്ള അധികാര പരിധി വ്യക്തമാക്കുമോ? | (ഡി) സേവന വകുപ്പുകൾക്ക് ഭൂമി കൈമാറുന്നതിന് ജില്ലാ കളക്ടർമാർക്ക് കോർപ്പറേഷൻ പരിധിയിൽ 10 സെന്റ് വരെയും മുനിസിപ്പാലിറ്റിയിൽ 25 സെന്റ് വരെയും പഞ്ചായത്തു പരിധിയിൽ 50 സെന്റ് വരെയുമുള്ള ഭൂമി സേവന വകുപ്പുകൾക്ക് കൈമാറുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അധികാരം ജി.ഒ. (പി)31/18/റവ തീയതി 05.06.2018 പ്രകാരം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

# വിശദീകരണ കുറിപ്പ്

സർക്കാർ സേവന വകുപ്പുകൾക്ക് സേവന ആവശ്യങ്ങൾക്ക് ഭൂമി കൈമാറി നൽകുന്നതിനെയാണ് ഭൂമി കൈമാറ്റം എന്നു റവന്യൂ വകുപ്പിൽ വിവക്ഷിച്ചു വരുന്നത്. കേരള സർവീസ് ചട്ടങ്ങൾ ഒന്നും രണ്ടും ഭാഗങ്ങളുടെ അനുബന്ധം -2 ലാണ് സേവന വകുപ്പുകളുടെ പട്ടിക ഉൾപ്പെടുത്തിയിരിക്കുന്നത്. സേവന വകുപ്പുകൾക്ക് ഭൂമി കൈമാറുന്നത് 1968 ലെ സർക്കാർ ഭൂമിയും കെട്ടിടങ്ങളും കൈമാറ്റ ചട്ടങ്ങൾ പ്രകാരമാണ്. ഈ ചട്ടങ്ങൾ പ്രകാരമുള്ള ഭൂമി കൈമാറ്റം സൗജന്യമായിരിക്കുന്നതാണ്. ഈ ഭൂമി കൈമാറ്റത്തിൽ ഭൂമിയുടെ ഉടമസ്ഥത റവന്യൂ വകുപ്പിൽ നിലനിർത്തുന്നതും ഭൂമിയുടെ കൈവശാവകാശം (Transfer of Possession) മാത്രം സേവന വകുപ്പുകൾക്ക് കൈമാറുന്നതുമാണ്. സർക്കാർ ഭൂമിക്ക് കേരള ഭൂസംരക്ഷണ നിയമത്തിന്റെ പരിരക്ഷ ലഭിക്കുന്നതിനാണ് ഇത്തരം നടപടികൾ സ്വീകരിച്ചു വരുന്നത്. ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ GO(MS)No.280/2011/RD dated 27.07.2011 സർക്കാർ ഉത്തരവിലും കേരള ഫിനാൻഷ്യൽ കോഡ്, വാല്യം -1 അദ്ധ്യായം - XIII അനുഛേദം 326 ലും വിവരിച്ചിട്ടുള്ളതാണ്. മറ്റ് വകുപ്പുകളുടെ കൈവശമുള്ള ഭൂമിയാണ് കൈമാറി നല്കേണ്ടതെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ സമ്മതപത്രം കൂടി ലഭ്യമാക്കേണ്ടതുണ്ട്.

1994-ലെ പഞ്ചായത്ത് രാജ് ആക്ടും (സെക്ഷൻ 218, 279) മുൻസിപ്പൽ ആക്ടും (സെക്ഷൻ 207, 208, 208 എ) പ്രകാരം റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിലുണ്ടായിരുന്ന പഞ്ചായത്ത് (മുനിസിപ്പാലിറ്റി) കോർപ്പറേഷൻ റോഡുകൾ, കായലുകൾ, പൊതുകിണറുകൾ, തോടുകൾ, നീർച്ചാലുകൾ, കുളങ്ങൾ, ശ്മശാനങ്ങൾ, മേച്ചിൽപ്പുറങ്ങൾ എന്നിവ അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലേക്ക് വിട്ടൊഴിഞ്ഞിട്ടുള്ളതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള സ്വയാർജിത ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് വിട്ടൊഴിഞ്ഞു ഭൂമി വിട്ടൊഴിയൽ നടപടി പ്രകാരം തണ്ടപ്പേരിൽ കുറവ് ചെയ്ത് പുറമ്പോക്കിലേയ്ക്ക് മാറ്റിയ ശേഷം മാത്രമേ സേവന വകുപ്പുകൾക്ക് കൈമാറുന്നതിന് നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. എൽ.എസ്.ജി. (ആർ.സി.) വകുപ്പിലാണ് (251-8630) ഇത് കൈകാര്യം ചെയ്യുന്നത്. ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കും. റവന്യൂ രേഖകളിൽ "സർക്കാർ-എലുക/ മാർക്കറ്റ് പുറമ്പോക്ക്" എന്ന് രേഖപ്പെടുത്തിയിട്ടുള്ള പുറമ്പോക്ക് ഭൂമി പ്രസ്തുത ഗ്രാമ പഞ്ചായത്തുമായി കൂടിയാലോചിച്ച ശേഷം 1994 ലെ കേരള ഗ്രാമപഞ്ചായത് ആക്ടിലെ 279-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം പ്രസ്തുത ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി സർക്കാർ പുറമ്പോക്കിലേയ്ക്ക് പുനർനിക്ഷിപ്തമാക്കണം. ഇതിനായി ഭൂമിയുടെ ബി.ടി.ആർ. പകർപ്പുകൾ, സർവ്വേ നമ്പർ, വിസ്തീർണം, അതിരുകൾ എന്നിവ വ്യക്തമായി രേഖപ്പെടുത്തിയ ലൊക്കേഷൻ സ്കെച്ചുകളും ഉൾപ്പെടെയുള്ള വില്ലേജ് രേഖകൾ എൽ.എസ്.ജി. (ആർ.സി.) വകുപ്പിന് ലഭ്യമാക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ഭൂമി സർക്കാർ പദ്ധതികൾക്ക് വിനിയോഗിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി 04.07.2015 ലെ 54715/14/റവന്യൂ നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

വിവിധ വകുപ്പുകളുടെ കൈവശമുള്ള ഭൂമി കൈമാറ്റത്തിനായുള്ള നടപടികൾ 05.06.2018 ലെ ജി.ഒ (പി)31/18/RD പ്രകാരം ലഘൂകരിച്ചിട്ടുള്ളതാണ്. കോർപ്പറേഷൻ പരിധിയിൽ 10 സെന്റ് വരെയും മുനിസിപ്പാലിറ്റിയിൽ 25 സെന്റ് വരെയും പഞ്ചായത്തു പരിധിയിൽ 50 സെന്റ് വരെയുമുള്ള ഭൂമി സേവന വകുപ്പുകൾക്ക് കൈമാറുന്നതിന് മേൽ ഉത്തരവ് പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

<u>സംഗ്രഹം</u>

കേരള സംസ്ഥാന ഗതാഗത പദ്ധതികൾക്ക് ഭൂമി കൈമാറ്റം - വിവിധ സർക്കാർ വകുപ്പുകളുടെ കൈവശമുള്ള സ്ഥലം ഏറ്റെടുത്ത് കെ.എസ്.ടി.പിയ്ക്ക് കൈമാറുന്നത് - അതത് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

റവന്യൂ(എ)വകുപ്പ്

**സ.ഉ.(കൈ)/105/2017/റവ.** Dated,Thiruvananthapuram,03/04/2017

പരാമർശം: 1) കെ.എസ്.ടി.പി പ്രൊജക്ട് ഡയറക്ടറുടെ 7.2.2014ലെ കെ.എസ്.ടി.പി./പി.എം.റ്റി/186/14 നമ്പർ കത്ത്

2) 23.1.2017ലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ LR K2/23855/2016 നമ്പർ കത്ത്

<u>**ഉത്തരവ്**</u>

കെ.എസ്.ടി.പി രണ്ടാംഘട്ട റോഡ് വികസനവുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ വകുപ്പുകളുടെ കൈവശമുള്ള സ്ഥലമേറ്റെടുത്ത് നൽകണമെന്ന് പരാമർശം (1) പ്രകാരം കെ.എസ്.ടി.പി. പ്രൊജക്ട് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. ആയതിലേക്ക് വിവിധ ജില്ലകളിൽ കെ.എസ്.ടി.പിയ്ക്ക് ഏറ്റെടുത്ത് കൈമാറേണ്ടുന്ന വിവിധ സർക്കാർ വകുപ്പുകളുടെ കൈവശമുള്ള സ്ഥലങ്ങൾ പരാമർശം (2) പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

(2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കെ.എസ്.ടി.പി എന്നത് പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം സർക്കാർ നടത്തുന്ന വികസന പദ്ധതിയാണ്. ഇത്തരം വികസന പദ്ധതികൾക്ക് അനാവശ്യമായ കാലതാമസം ഒഴിവാക്കേണ്ടതിനാൽ വിവിധ സർക്കാർ വകുപ്പുകളുടെ കൈവശമുള്ള വസ്തു ഏറ്റെടുത്ത് കൈമാറുന്നതിന് അതത് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള എതിർപ്പുകൾ ഉണ്ടാകുന്ന പക്ഷം ജില്ലാ കളക്ടർമാർ സർക്കാരിനെ അറിയിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം
**സുരേശൻ.എ.ആർ**
**അഡീഷണൽ സെക്രട്ടറി**

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
പ്രൊജക്ട് ഡയറക്ടർ, കെ.എസ്.ടി.പി, തിരുവനന്തപുരം
പൊതുമരാമത്ത് വകുപ്പ്
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ്(വെബ് & മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി,
പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ പി.എ
റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ

**കേരള സർക്കാർ**

**സംഗ്രഹം**

കേരള സംസ്ഥാന ഗതാഗത പദ്ധതികൾക്ക് ഭൂമി കൈമാറ്റം - വിവിധ സർക്കാർ വകുപ്പുകളുടെ കൈവശമുള്ള സ്ഥലം ഏറ്റെടുത്ത് കെ.എസ്.ടി.പിയ്ക്ക് കൈമാറുന്നത് - അതത് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

**റവന്യൂ(എ)വകുപ്പ്**

**സ.ഉ.(കൈ)/105/2017/റവ.** Dated,Thiruvananthapuram,03/04/2017

പരാമർശം: 1) കെ.എസ്.ടി.പി പ്രൊജക്ട് ഡയറക്ടറുടെ 7.2.2014ലെ കെ.എസ്.ടി.പി./പി.എം.റ്റി/186/14 നമ്പർ കത്ത്

2) 23.1.2017ലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ LR K2/23855/2016 നമ്പർ കത്ത്

**ഉത്തരവ്**

കെ.എസ്.ടി.പി രണ്ടാംഘട്ട റോഡ് വികസനവുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ വകുപ്പുകളുടെ കൈവശമുള്ള സ്ഥലമേറ്റെടുത്ത് നൽണമെന്ന് പരാമർശം (1) പ്രകാരം കെ.എസ്.ടി.പി. പ്രൊജക്ട് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. ആയതിലേക്ക് വിവിധ ജില്ലകളിൽ കെ.എസ്.ടി.പിയ്ക്ക് ഏറ്റെടുത്ത് കൈമാറേണ്ടുന്ന വിവിധ സർക്കാർ വകുപ്പുകളുടെ കൈവശമുള്ള സ്ഥലങ്ങൾ പരാമർശം (2) പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

(2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കെ.എസ്.ടി.പി എന്നത് പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം സർക്കാർ നടത്തുന്ന വികസന പദ്ധതിയാണ്. ഇത്തരം വികസന പദ്ധതികൾക്ക് അനാവശ്യമായ കാലതാമസം ഒഴിവാക്കേണ്ടതിനാൽ വിവിധ സർക്കാർ വകുപ്പുകളുടെ കൈവശമുള്ള വസ്തു ഏറ്റെടുത്ത് കൈമാറുന്നതിന് അതത് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള എതിർപ്പുകൾ ഉണ്ടാകുന്ന പക്ഷം ജില്ലാ കളക്ടർമാർ സർക്കാരിനെ അറിയിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം
**സുരേശൻ.എ.ആർ**
**അഡീഷണൽ സെക്രട്ടറി**

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
പ്രൊജക്ട് ഡയറക്ടർ, കെ.എസ്.ടി.പി, തിരുവനന്തപുരം
പൊതുമരാമത്ത് വകുപ്പ്
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ്(വെബ് & മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി,
പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ പി.എ
റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**ദേശീയപാത നിർമ്മാണത്തിന് ആവശ്യമായി വരുന്ന, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡ്/ തോട് പുറമ്പോക്ക് ഭൂമി ഏറ്റെടുത്ത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറി നൽകുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (ആർ.സി.) വകുപ്പ്**

---

**സ.ഉ.(കൈ) നം.175/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 24/11/2018

---

പരാമർശം:- 1 26.08.2017 ലെ സ.ഉ. (കൈ) നമ്പർ 302/2017/റവ.

2 കണ്ണൂർ ജില്ലാ കളക്ടറുടെ 21.11.2017 ലെ സി5 – 30789/2016 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ദേശീയപാതാ വികസനത്തിനാവശ്യമായ, വിവിധ സർക്കാർ വകുപ്പുകളുടെ കൈവശത്തിലുള്ള സർക്കാർ പുറമ്പോക്ക് ഭൂമി (തദ്ദേശ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമി ഒഴിവാക്കി), ടി ഭൂമിയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ, മതിലുകൾ മുതലായവയ്ക്ക് സംഭവിച്ചേക്കാവുന്ന ഏതുവിധ കേടുപാടുകളും ജില്ലാ കളക്ടർക്ക് തൃപ്തമായ രീതിയിൽ നാഷണൽ ഹൈവേ അതോറിറ്റി പുനഃസ്ഥാപിക്കുകയോ, പുനർനിർമ്മിച്ചു നൽകുകയോ, നഷ്ടപരിഹാരം നൽകുകയോ ചെയ്യണമെന്ന വ്യവസ്ഥയിൽ നാഷണൽ ഹൈവേ അതോറിറ്റിയ്ക്ക് ഓഫ് ഇന്ത്യയ്ക്ക് (NHAI) കൈമാറി നൽകുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് റവന്യൂ വകുപ്പിൽ നിന്നും പരാമർശം (1) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമി ഇപ്രകാരം കൈമാറുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കണമെന്ന് റവന്യൂ വകുപ്പ് ശിപാർശ ചെയ്യുകയുണ്ടായി.

3. ദേശീയപാതാ വികസനത്തിന് ആവശ്യമായി വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡ്, തോട്, മുതലായവ കൂടി ഏറ്റെടുത്ത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവാകണമെന്ന് പരാമർശം (2) പ്രകാരം കണ്ണൂർ ജില്ലാ കളക്ടറും ആവശ്യപ്പെടുകയുണ്ടായി.

4. പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 169-ാം വകുപ്പ് , 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 207 -ാം വകുപ്പ്, എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ റോഡ് പുറമ്പോക്ക് ഭൂമിയെ ഗസറ്റ് വിജ്ഞാപനത്തിലൂടെ ടി ആക്റ്റുകളുടെ പരിധിയിൽ നിന്ന് ഒഴിവാക്കി സർക്കാരിലേക്ക് പുനർനിക്ഷിപ്തമാക്കുന്നതിന് വ്യവസ്ഥയുണ്ട്. എന്നാൽ കേരളം

പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 218 (1 ) ,കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 208 Aഎന്നീ വകുപ്പുകൾ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള ജലസ്രോതസ്സുകളുടെയും അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത ഏതെങ്കിലും ഭൂമിയുടെയും ഭരണം സർക്കാരിന് ഏറ്റെടുക്കാമെങ്കിലും സർക്കാരിലേക്ക് പുനർ നിക്ഷിപ്തമാക്കാൻ ആക്ടിൽ വ്യവസ്ഥയില്ല.

5. Jagpal Sing Vs State of Punjab & Others (Civil Appeal No 1132 / 2011 ) എന്ന കേസിൽ ജലസ്രോതസ്സുമായി ബന്ധപ്പെട്ട പുറമ്പോക്കുകൾ പതിച്ചുനൽകാൻ പാടില്ലെങ്കിലും അത് പബ്ലിക് യൂറ്റിലിറ്റിയ്ക്ക് അനുവദനീയമാണെന്ന് ബഹു സുപ്രിം കോടതി വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള തോട്, റോഡ് പുറമ്പോക്ക് ദേശീയ പാത വികസനം എന്ന പൊതുവായ അവശ്യത്തിനാണ് നാഷണൽ ഹൈ വേ അതോറിറ്റിക്ക് കൈമാറേണ്ടത്.

6. ദേശീയപാതയ്ക്കായി ഭൂമി ഏറ്റെടുക്കുന്നത് 1956-ലെ നാഷണൽ ഹൈവേയ്സ് ആക്ടിലെ (Central Act 48 of 1956) വ്യവസ്ഥകൾ പ്രകാരമാണ്. കേന്ദ്ര നിയമപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് കേരള പഞ്ചായത്ത് രാജ് ആക്ടിലെയും കേരള മുനിസിപ്പാലിറ്റി ആക്ടിലെയും വ്യവസ്ഥകൾ പ്രകാരം ഭൂമി പുനർനിക്ഷിപ്തമാക്കി വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ല.

7. പ്രസ്തുത സാഹചര്യത്തിൽ, ഭൂമി ഏറ്റെടുക്കുന്നതിലെ നടപടിക്രമങ്ങൾ മൂലമുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി, ദേശീയ പാതകളുടെ അംഗീകൃത അലൈൻമെന്റിൽ ഉൾപ്പെട്ടുവരുന്നതും, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ വകുപ്പുകൾ 169(1), 218(1), 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ വകുപ്പുകൾ 207(1), 208A എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളതുമായ റോഡ് / തോട് പുറമ്പോക്ക് ഭൂമികൾ ഏറ്റെടുത്ത് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് ദേശീയപാത വികസനം എന്ന പൊതു ആവശ്യത്തിലേയ്ക്കായി കൈമാറുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. പുറമ്പോക്ക് ഭൂമികൾ നിയമാനുസൃതം നികത്തേണ്ടി വരുന്ന പക്ഷം ആയത് മൂലം പരിസ്ഥിതിയ്ക്ക് ആഘാതമുണ്ടാവുകയില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ii. പ്രദേശത്തെ ജല നിർഗമന മാർഗങ്ങൾ തടസ്സപ്പെടാതിരിക്കുവാനും സമീപ പ്രദേശങ്ങളിൽ വെള്ളക്കെട്ട് രൂപപ്പെടാതിരിക്കുവാനും ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്.

iii. സമീപത്തായി വയലുകൾ സ്ഥിതി ചെയ്യുന്നുണ്ടെങ്കിൽ അവിടേയ്ക്ക് കൃഷിയ്ക്കാവശ്യമായ വെള്ളം എത്തിക്കുന്നതിനുള്ള ബദൽ സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

iv. തോടുകൾ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിൽ ആവശ്യാനുസരണം കലുങ്കുകൾ / കൾവർട്ടുകൾ പണിയേണ്ടതാണ്.

v. ഏറ്റെടുക്കുന്ന ഭൂമി ദേശീയ പാതയുടെ വികസനത്തിനായി മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

vi. ഏറ്റെടുക്കുന്ന ഭൂമിയിൽ കെട്ടിടങ്ങൾ, മതിലുകൾ മുതലായവ സ്ഥിതി ചെയ്യുന്ന പക്ഷം അവയ്ക്ക് സംഭവിച്ചേക്കാവുന്ന ഏതുവിധ കേടുപാടുകളും നാഷണൽ ഹൈ വേ അതോറിറ്റി പുനഃസ്ഥാപിക്കുകയോ പുനർ നിർമ്മിച്ചു നൽകുകയോ നഷ്ടപരിഹാരം നൽകുകയോ ചെയ്യേണ്ടതാണ്.

**File No.LSGD-RC4/16/2018-LSGD**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**റ്റി.കെ.ജോസ്**
**അഡീഷണല് ചീഫ് സെക്രട്ടറി**

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

3. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

4. റീജിയണൽ ഓഫീസർ, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ, തിരുവനന്തപുരം.

5. എല്ലാ ജില്ലാ കളക്ടർമാർക്കും.

6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എൽ.ബി.എ./ എ&ഇ), തിരുവനന്തപുരം.

7. റവന്യൂ വകുപ്പ് (REV-L2/3/2017-REV , REV-L2/224/2017-REV നമ്പർ ഫയലുകൾ പ്രകാരം)

8. നിയമ വകുപ്പ് (21.04.2018 ലെ 2858/ഉപദേശം ഡി 2/18/നിയമം, 25.09.2018 ലെ 15703/ഉപദേശം ഡി3 /18/നിയമം എന്നിവ പ്രകാരം).

9. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

10. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

11. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

12. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.

സെക്ഷൻ ഓഫീസർ

# GOVERNMENT OF KERALA

## Abstract

Delegation of Powers to District collectors for the expeditious transfer of Government land among Government Departments for common use- Orders issued.

**REVENUE (A) DEPARTMENT**

**G.O.(P)No.31/2018/RD** Dated,Thiruvananthapuram, 05/06/2018

Read 1 G. O (P) 498/61/RD Dated 17/05/1961
2 G.O (P) 881/65/RD Dated 25/05/1965
3 Circular No 41441/P1.96/RD dated 28/09/1996

## ORDER

Currently, transfer of land among Service Departments are ordered at Government level with the prior consent of Finance Department and by retaining the ownership of land in Revenue Department.Transfer of land among departments does not change the status of 'Sarkar Puramboke.' As proposals for all the 14 Districts are routed to Government for orders on transfer of land, the present process results in inordinate delay.

2. For the expeditious transfer of Government land among Government Departments for common use, . Government are pleased to order the delegation power to District Collectors subject to the following conditions:

The transfer of Government lands with improvements thereon, from one Government Department to another shall be ordered by the District Collectors and Government as shown below:-

(i) District Collectors:- Up to a limit of 50 (fifty) cents within the Grama Panchayat area; up to a limit of 25 (twenty five) cents within the Municipal area and up to a limit of 10 (ten) cents within the Corporation area.

Note 1 :- In all cases where the Government land to be transferred is not under the possession of Revenue Department, but within the limit under: (i), the District Collectors shall take No Objection Certificate from the District Level Officer of that Department before issue of orders.

(ii) All cases not covered by the above limits under (i) or where there are no District Level Officers for the Department whose land is proposed to be transferred or where the District Level Officer of the Department whose land is proposed to be

transferred refuses to issue NOC, but the District Collector is convinced that there is no other land suitable for transfer to the other Department, should be submitted to Government for orders.

Note 1:- It will not be necessary to consult Finance Department in such cases.

(iii)Transfer of land to Constitutional bodies, statutory bodies, autonomous institutions and bodies, public Sector Undertakings, Societies, Local Self Government Institutions, Boards, Corporations, Grant-in-aid institutions etc shall not be considered under this provision, but will be considered under the relevant provision of Kerala Land Assignment Act 1960.

3. Finance Department shall make amendments in the Kerala Financial Code accordingly.

(By order of the Governor)
**P H KURIAN**
**ADDITIONAL CHIEF SECRETARY**

To:

1. The Commissioner, Land Revenue, Thiruvananthapuram.

2. All the District Collectors, Kerala

3. The Accountant General (A&E Audit), Kerala, Thiruvananthapuram.

4. The General Administration (SC) Department( vide Item No.2186 dated, 30.05.2018)

5. Finance Department ( vide U. O (F) No.E(382951)/Exp-A2/39/2017/FD dated.07.04/2018

6. Information & Public Relations (Web & New media) Department

7. Stock File/Office Copy.

Forwarded /By order
Section Officer

**കേരള സർക്കാർ**

സംഗ്രഹം

റവന്യൂ വകുപ്പ് - തിരുവനന്തപുരം ജില്ലയിൽ, തിരുവനന്തപുരം താലൂക്കിൽ മുട്ടത്തറ വില്ലേജിൽ സർവ്വേ നം. 2615/ബി യിൽ ഉൾപ്പെട്ടു വരുന്ന 31.826 സെന്റ് പുറമ്പോക്ക് ഭൂമി കടലാക്രമണം നേരിടുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്നതിന്, രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം ഉടമസ്ഥാവകാശം സർക്കാരിൽ നിലനിർത്തി, ഫിഷറീസ് വകുപ്പിന് കൈവശാവകാശം കൈമാറി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (യു) വകുപ്പ്**

സ.ഉ. (കൈ) നം. 34/2019/റവ തീയതി, തിരുവനന്തപുരം, 25/01/2019

പരാമർശം 1. ഫിഷറീസ് ഡയറക്ടറുടെ 30/10/2018-ലെ എൻ 1- 10297/2018(2) നമ്പർ കത്ത്.

2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 30/10/2018-ലെ ബി2-45681/2015 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ, തിരുവനന്തപുരം താലൂക്കിൽ മുട്ടത്തറ വില്ലേജിൽ സർവ്വേ നം. 2615/ബി യിൽ ഉൾപ്പെട്ടു വരുന്ന 31.826 സെന്റ് പുറമ്പോക്ക് ഭൂമി കടലാക്രമണം നേരിടുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്നതിന് ഫിഷറീസ് വകുപ്പിന് കൈമാറുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (1) പ്രകാരം ഫിഷറീസ് ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

2) സെന്റൊന്നിന് 1,20,000/- രൂപ നിരക്കിൽ 31.826 സെന്റിന് 38,19,120/- രൂപ വിലമതിപ്പുള്ള പ്രസ്തുത ഭൂമി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം ടി ഭൂമിയുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിലനിർത്തി, ഫിഷറീസ് വകുപ്പിന് കൈവശാവകാശം കൈമാറി നൽകാവുന്നതാണെന്ന് പരാമർശം (2) പ്രകാരം ജില്ലാ കളക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ, തിരുവനന്തപുരം താലൂക്കിൽ മുട്ടത്തറ വില്ലേജിൽ സർവ്വേ നം. 2615/ബി യിൽ ഉൾപ്പെട്ടു വരുന്ന 31.826 സെന്റ് പുറമ്പോക്ക് ഭൂമി കടലാക്രമണം നേരിടുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്നതിന്, രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കും 1995-ലെ മുനിസിപ്പൽ — കോർപറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടം 21 (i) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ചും, ഉടമസ്ഥാവകാശം സർക്കാരിൽ നിലനിർത്തി, താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഫിഷറീസ് വകുപ്പിന് കൈവശാവകാശം കൈമാറി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) ഭൂമി ഉപപാട്ടത്തിന് നൽകാനോ, തറവാടകയ്ക്ക് അനുവദിക്കാനോ, അന്യാധീനപ്പെടുത്താനോ, ദുരുപയോഗം ചെയ്യാനോ, പണയപ്പെടുത്തുവാനോ പാടുള്ളതല്ല;

(2) ഏത് ആവശ്യത്തിനുവേണ്ടിയാണോ ഭൂമി അനുവദിച്ചത് ആ ആവശ്യത്തിന് വേണ്ടി മാത്രമേ വിനിയോഗിക്കാവൂ;

(3) പ്രസ്തുത ഭൂമി ബാങ്കുകളിലോ ധനകാര്യ സ്ഥാപനങ്ങളിലോ ഈടുവയ്ക്കാൻ പാടുള്ളതല്ല;

(4) പ്രസ്തുത ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒരു വർഷത്തിനുള്ളിൽ ആരംഭിക്കേണ്ടതാണ്;

(5) പ്രസ്തുത ഭൂമി കയ്യേറ്റത്തിൽ നിന്ന് ഫിഷറീസ് വകുപ്പ് സംരക്ഷിക്കേണ്ടതാണ്;

(6) കേരള ഭൂമി പതിവ് ചട്ടം Appendix II Part A പ്രകാരം റിസർവ് ചെയ്ത മരങ്ങൾ സർക്കാരിൽ നിക്ഷിപ്തമായിരിക്കും;

(7) ഭൂമിക്കു പട്ടയം നല്കുന്നതല്ല. മറിച്ച്, തങ്ങളുടെ ജീവിതാവസാനം വരെ ഈ ഫ്ലാറ്റിൽ കഴിയുന്നതിനും മരണശേഷം അത് നിയമാനുസൃത അനന്തരാവകാശികൾക്കു കൈമാറുന്നതിനും മാത്രമേ അനുമതിയുണ്ടായിരിക്കുകയുള്ളൂ;

(8) മേൽ വ്യവസ്ഥകൾ ഏതെങ്കിലും ലംഘിച്ചാൽ നഷ്ടപരിഹാരം നൽകാതെ തന്നെ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി.എച്ച്. കുര്യൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ഫിഷറീസ് ഡയറക്ടറുടെ ഓഫീസ്, വികാസ് ഭവൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (EXP-A2/600/2018-FIN പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (24/01/2019-ലെ ഇനം.2808 പ്രകാരം)
പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്
ഓഫീസ് കോപ്പി /സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്
" റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

കേരള സർക്കാർ

സംഗ്രഹം

**തിരുവനന്തപുരം ജില്ലയിൽ** തിരുവനന്തപുരം താലൂക്കിൽ ആറ്റിപ്ര വില്ലേജിലെ സെന്റ് **മഗലീന ചർച്ചിന്** സമീപത്തായി ബ്ലോക്ക് നമ്പർ 17 -ൽ സർവ്വേ നമ്പർ 23/1-ൽ ഉൾപ്പെട്ട 67 ആർ 18 ച. മീറ്റർ പുറമ്പോക്ക് ഭൂമി കടലാക്രമണ ഭീഷണി നേരിടുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി ഫ്ലാറ്റുകൾ നിർമിച്ചു നൽകുന്നതിന് **രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം പ്രസ്തുത ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ** നിലനിർത്തി, ഫിഷറീസ് വകുപ്പിന് കൈവശാവകാശം **കൈമാറി നൽകുന്നതിന്** അനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

**റവന്യൂ (യു) വകുപ്പ്**

സ.ഉ. (കൈ) നം. 197/2019/റവ.   തീയതി, തിരുവനന്തപുരം, 25/06/2019

പരാമർശം: തിരുവനന്തപുരം ജില്ലാ കളക്ടറുടെ 29/11/2018-ലെ ബി2-45681/2015 നമ്പർ ശുപാർശ.

**<u>ഉത്തരവ്</u>**

**തിരുവനന്തപുരം ജില്ലയിൽ** തിരുവനന്തപുരം താലൂക്കിൽ ആറ്റിപ്ര വില്ലേജിലെ സെന്റ് മഗലീന ചർച്ചിന് സമീപത്തായി ബ്ലോക്ക് നമ്പർ 17 -ൽ സർവ്വേ നമ്പർ 23/1-ൽ **ഉൾപ്പെട്ടതും ആറൊന്നിന്** 4,50,000/- രൂപ വില കണക്കാക്കിക്കൊണ്ട് ആകെ ഭൂമിക്ക് 3,02,31,000/- രൂപ വില നിശ്ചയിക്കാവുന്ന 67 ആർ 18 ച. മീറ്റർ പുറമ്പോക്ക് ഭൂമി **കടലാക്രമണ ഭീഷണി** നേരിടുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി **ഫ്ലാറ്റുകൾ നിർമിച്ചു** നൽകുന്നതിന് രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം ടി ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി, ഫിഷറീസ് വകുപ്പിന് കൈവശാവകാശം കൈമാറി നൽകാവുന്നതാണെന്ന് പരാമർശ പ്രകാരം **ജില്ലാ കളക്ടർ** ശുപാർശ ചെയ്യുകയുണ്ടായി. ടി ഭൂമി ആറ്റിപ്ര വില്ലേജിൽ നെഹ്റു **ജംഗ്ഷനിൽ നിന്ന്** പള്ളിത്തുറ പോകുന്ന റോഡിൽ ഉദ്ദേശം 300 മീറ്റർ ചെല്ലുമ്പോൾ റോഡിന് തെക്കായി സ്ഥിതി ചെയ്യുന്നതും നിലവിൽ തെങ്ങിൻ തോപ്പായി ഒഴിഞ്ഞു കിടക്കുന്നതും റവന്യൂ റെക്കോർഡുകൾ പ്രകാരം സർക്കാർ തരിശ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ ആറ്റിപ്ര വില്ലേജിലെ സെന്റ് മഗലീന ചർച്ചിന് സമീപത്തായി ബ്ലോക്ക് നമ്പർ 17 -ൽ സർവ്വേ നമ്പർ 23/1-ൽ ഉൾപ്പെട്ട **67 ആർ 18 ച. മീറ്റർ പുറമ്പോക്ക് ഭൂമി, തിരുവനന്തപുരം ജില്ലയിലെ കടലാക്രമണ ഭീഷണി നേരിടുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി ഫ്ലാറ്റുകൾ** നിർമിച്ചു **നൽകുന്നതിന്, രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ** വ്യവസ്ഥകൾക്ക് **വിധേയമായി,** ടി ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി, താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഫിഷറീസ് വകുപ്പിന് കൈവശാവകാശം കൈമാറി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) ഭൂമി ഉപപാട്ടത്തിന് നൽകാനോ, തറവാടകയ്ക്ക് അനുവദിക്കാനോ, അന്യാധീനപ്പെടുത്താനോ, ദുരുപയോഗം ചെയ്യാനോ, പണയപ്പെടുത്തുവാനോ പാടുള്ളതല്ല;

(2) ഏത് ആവശ്യത്തിനുവേണ്ടിയാണോ ഭൂമി അനുവദിച്ചത് ആ ആവശ്യത്തിന് വേണ്ടി മാത്രമേ വിനിയോഗിക്കാവൂ;

(3) പ്രസ്തുത ഭൂമി ബാങ്കുകളിലോ ധനകാര്യ സ്ഥാപനങ്ങളിലോ ഈടുവയ്ക്കാൻ പാടുള്ളതല്ല;

(4) പ്രസ്തുത ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒരു വർഷത്തിനുള്ളിൽ ആരംഭിക്കേണ്ടതാണ്;

(5) പ്രസ്തുത ഭൂമി കയ്യേറ്റത്തിൽ നിന്ന് ഫിഷറീസ് വകുപ്പ് സംരക്ഷിക്കേണ്ടതാണ്;
(6) കേരള ഭൂമി പതിവ് ചട്ടം Appendix III Part A പ്രകാരം റിസർവ് ചെയ്ത മരങ്ങൾ സർക്കാരിൽ നിക്ഷിപ്തമായിരിക്കും;
(7) ഭൂമിക്ക പട്ടയം നല്കുന്നതല്ല. മറിച്ച്, തങ്ങളുടെ ജീവിതാവസാനം വരെ ഈ ഭൂമിയിൽ നിർമ്മിക്കുന്ന ഫ്ലാറ്റിൽ കഴിയുന്നതിനും മരണശേഷം അത് നിയമാനുസൃത അനന്തരാവകാശികൾക്ക കൈമാറുന്നതിനും മാത്രമേ അനുമതിയുണ്ടായിരിക്കുകയുള്ളൂ;
(8) മേൽ വ്യവസ്ഥകൾ ഏതെങ്കിലും ലംഘിച്ചാൽ നഷ്ടപരിഹാരം നൽകാതെ തന്നെ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതായിരിക്കും.

3) ഇക്കാര്യം സംബന്ധിച്ചുള്ള നിയമാനുസൃത തുടർ നടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വേണു വി.
പ്രിൻസിപ്പൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ഫിഷറീസ് ഡയറക്ടറുടെ ഓഫീസ്, വികാസ് ഭവൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (EXP-A2/6 8/2018-FIN പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ്
പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്
ഓഫീസ് കോപ്പി /സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ